ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.05.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പതിനാറാം കേരള നിയമസഭയിലെ എംഎൽഎമാരുടെ സത്യപ്രതിജ്ഞ ഇന്ന് ; പ്രോ ടെം സ്പീക്കർ ജി സുധാകരൻ സത്യവാചകം ചൊല്ലി കൊടുക്കും ; സ്പീക്കർ തിരെഞ്ഞെടുപ്പ് നാളെ.

   **Swearing-in of MLAs for the 16th Kerala Legislative Assembly Today; Pro-Tem Speaker G. Sudhakaran to Administer Oath, Speaker Election Tomorrow.**

2. ഇറ്റലി സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിക്ക് മടങ്ങി ; ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം തന്ത്രപരമായ പ്രത്യേക പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണ.

   **Prime Minister Narendra Modi Returns to New Delhi After Italy Visit ; India and Italy Agree to Elevate Ties to Special Strategic Partnership**

3. നീറ്റ്-യുജി പുനഃപരീക്ഷയുടെ കുറ്റമറ്റ നടത്തിപ്പ് ഉറപ്പാക്കാനായി സാമൂഹ്യമാധ്യമ പ്രതിനിധികളുമായും സുരക്ഷാ- ഇന്റലിജൻസ് ഏജൻസികളുമായും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ചർച്ച നടത്തി.

   **Union Education Minister Dharmendra Pradhan held discussions with social media Platforms and security agencies to ensure the flawless conduct of NEET-UG re-examination.**

4. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുമായി ചേർന്ന് അമേരിക്കയുടെ 250-ാം ജന്മദിനം ആഘോഷിക്കാൻ ആഗ്രഹിക്കുന്നതായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ.

**US Secretary of State Marco Rubio Says America Wants to Celebrate Its 250th Independence Anniversary with India, the World's Largest Democracy**

5. കേരളത്തിൽ മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ്; തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് .

**India Meteorological Department Forecasts Continued Rain in Kerala; Yellow Alert from Thiruvananthapuram to Idukki, Fishing Ban Along Kerala–Lakshadweep Coasts.**

6. ഐപിഎൽ ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ജയം.

**In IPL Cricket, Kolkata Knight Riders Beat Mumbai Indians.**

**************************************

## KERALA ASSEMBLY (INTRO)

കേരളത്തിൽ, പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കമാകും. അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തെരഞ്ഞെടുപ്പുമാണ് സമ്മേളനത്തിന്റെ ആദ്യ രണ്ട് ദിവസങ്ങളിലെ കാര്യ പരിപാടികൾ. മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനാണ് യുഡിഎഫിന്റെ സ്പീക്കർ സ്ഥാനാർത്ഥി.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

**************************************

## AMIT SHAH-MEDAL

ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യ-കാർഷിക സംഘടന നല്കുന്ന അഗ്രിക്കോള പുരസ്കാരം പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക്. പുരസ്ക്കാരലബ്ധിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. രാജ്യത്തെ ദശലക്ഷക്കണക്കിന് കർഷകർക്കും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കുള്ള ആദരമാണ് ഈ ബഹുമതിയെന്ന് സമൂഹ മാധ്യമ പോസ്റ്റിൽ അദ്ദേഹം കുറിച്ചു.

************************************************

## PM - ITALY VISIT ( INTRO )

ഇറ്റലി സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലേക്ക് മടങ്ങി. അഞ്ച് രാഷ്ട്രങ്ങളിലെക്കുള്ള ഔദ്യോഗിക പര്യടനത്തിന്റെ അവസാന ഘട്ടത്തിലാണ് അദ്ദേഹം ഇറ്റലിയിലെത്തിയത്. സന്ദർശനവേളയിൽ, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം പ്രത്യേക തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണയായി. നിർണായക ധാതുക്കൾ, പ്രതിരോധം, കൃഷി തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നത് ലക്ഷ്യമിട്ട് 15 കരാറുകളിലും ഒപ്പുവച്ചു. **വിശദാംശങ്ങളിലേക്ക്....**

( **വോയിസ്....**)

## PM - ITALY VISIT (VOICE)

ആയുർവേദം, ശാസ്ത്ര സാങ്കേതിക വിദ്യ, ഇന്ത്യയിൽ നിന്ന് ഇറ്റലിയിലേക്ക് നഴ്സിംഗ് ജോലിക്കായുള്ള സഞ്ചാരം സുഗമമാക്കൽ തുടങ്ങി, നിരവധി കരാറുകൾക്കാണ് ധാരണയായത്. നികുതി കുറ്റകൃത്യങ്ങൾ, കള്ളപ്പണം വെളുപ്പിക്കൽ, ഭീകരവാദ ധനസഹായം എന്നിവ തടയുന്നതിനുള്ള ധാരണാപത്രങ്ങളിലും ഒപ്പുവച്ചു. ഇന്ത്യ-ഇറ്റലി പ്രതിരോധ വ്യാവസായിക റോഡ്മാപ്പ് വികസന - ഉൽപ്പാദന സഹകരണത്തിന് വഴിയൊരുക്കിയതായി ഇറ്റലി പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി റോമിൽ നടത്തിയ സംയുക്ത

പ്രസ്താവനയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഷിപ്പിംഗ്, തുറമുഖ നവീകരണം, ലോജിസ്റ്റിക്സ്, നീല സമ്പദ്‌വ്യവസ്ഥ എന്നിവയിൽ ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഭീകരവാദ ധനസഹായത്തിനെതിരായ ഇന്ത്യ-ഇറ്റലി സംയുക്ത സംരംഭം ലോകത്തിനാകെ മാതൃകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയും ഇറ്റലിയും തമ്മിലുള്ള സാംസ്കാരിക വിനിമയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2027 "സാംസ്കാരിക രംഗത്തിന്റെയും വിനോദ സഞ്ചാരത്തിന്റെയും വർഷം" ആയി ആഘോഷിക്കുമെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി പ്രഖ്യാപിച്ചു. ഇന്ത്യ- മധ്യേഷ്യ -യൂറോപ്പ് സാമ്പത്തിക ഇടനാഴി വികസിപ്പിക്കുന്നതിനായി ഇന്ത്യയും ഇറ്റലിയും ചേർന്ന് പ്രവർത്തിക്കുമെന്നും അവർ പറഞ്ഞു. **ന്യൂസ്ഡെസ്ക് ആകാശവാണി.......**

*****************************************

## RAJNATH KOREA

ഒരു തരത്തിലുള്ള ആണവ ഭീഷണിയും ഇന്ത്യ വച്ചുപൊറുപ്പിക്കില്ലെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഭീകരതയോട് രാജ്യം സന്ധി ചെയ്യില്ലെന്നും റിപ്പബ്ലിക് ഓഫ് കൊറിയയിലെ ഇന്ത്യൻ പ്രവാസികളുമായി സംവദിക്കവേ മന്ത്രി പറഞ്ഞു. അതിനുള്ള ഉത്തമ ഉദാഹരണമാണ് ഓപ്പറേഷൻ സിന്ധൂറെന്ന് അദ്ദേഹം വ്യക്തമാക്കി. അടുത്ത രണ്ട് വർഷത്തിനുള്ളിൽ പ്രതിരോധ കയറ്റുമതി 50,000 കോടി രൂപയിലെത്തുമെന്നും, അടുത്ത രണ്ട് മാസത്തിനുള്ളിൽ പ്രതിരോധ ഉൽപ്പാദനം 1.75 ലക്ഷം കോടി രൂപയായി ഉയരുമെന്നും അദ്ദേഹം അറിയിച്ചു. സോളിൽ നടന്ന ഇന്ത്യ-കൊറിയ പ്രതിരോധ വ്യവസായ സമ്മേളനത്തിൽ ശ്രീ രാജ്നാഥ് സിംഗ് അധ്യക്ഷത വഹിച്ചു.

*****************************************

## PRADHAN – SOCIAL MEDIA

മെറ്റ, ഗൂഗിൾ, ടെലിഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളുടെ പ്രതിനിധികളുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ

കൂടിക്കാഴ്ച നടത്തി. ടെലിഗ്രാം ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകളിലൂടെ മത്സര പരീക്ഷകളുമായി ബന്ധപ്പെട്ട തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നത് സംബന്ധിച്ച് ഗുരുതരമായ ആശങ്കയുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ജൂൺ 21 ന് നടക്കാനിരിക്കുന്ന നീറ്റ് (യുജി) പുനഃപരീക്ഷയ്ക്ക് മുന്നോടിയാണ് യോഗം വിളിച്ചത്. നീറ്റ്-യുജി പുനഃപരീക്ഷയുടെ കുറ്റമറ്റ നടത്തിപ്പ് ഉറപ്പാക്കാനായി വിളിച്ചു ചേർത്ത കേന്ദ്ര സുരക്ഷാ, ഇന്റലിജൻസ് ഏജൻസികളുടെ യോഗത്തിലും അദ്ദേഹം അധ്യക്ഷത വഹിച്ചു.

*********************************************

## FALTA REPOLL

പശ്ചിമ ബംഗാളിലെ ഫാൽത്ത നിയമസഭാ മണ്ഡലത്തിൽ ഇന്ന് റീപോളിംഗ്. രാവിലെ 7 മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകുന്നേരം 6 മണിക്ക് അവസാനിക്കും. രണ്ട് സ്വതന്ത്രർ ഉൾപ്പെടെ ആറ് സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥി ജഹാംഗീർ ഖാൻ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. പിൻവലിക്കാനുള്ള അവസാന തീയതി കഴിഞ്ഞതിനാൽ അദ്ദേഹത്തിന്റെ പേരും ബാലറ്റിലുണ്ടാകും.

*********************************************

## WB – BSF LAND

ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ മുള്ളുവേലി കെട്ടുന്നതിനായി അതിർത്തി സുരക്ഷാ സേനയ്ക്ക് ഭൂമി കൈമാറുന്ന നടപടിക്ക് തുടക്കമായി. നബന്നയിൽ, ബിഎസ്എഫ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പശ്ചിമബംഗാൾ മുഖ്യമന്ത്രി സുവേന്ദു അധികാരി പ്രക്രിയയ്ക്ക് ഔദ്യോഗികമായി തുടക്കം കുറിച്ചു. നുഴഞ്ഞുകയറ്റം, കള്ളക്കടത്ത്, അനധികൃത കുടിയേറ്റം തുടങ്ങിയ പ്രശ്നങ്ങൾ തടയുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. 4,000 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയുടെ ഏകദേശം 2,200 കിലോമീറ്റർ ആണ് പശ്ചിമ ബംഗാൾ പങ്കിടുന്നത്.

*********************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

******************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************************

## INDIA-GROWING ECONOMY

ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുന്നുവെന്ന് ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക റിപ്പോർട്ട്. പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിലെ ആഗോള പ്രതിസന്ധിയിലും രാജ്യം ഈ വർഷം 6.4 ശതമാനം വളർച്ചാ നിരക്ക് നേടി. വൈവിധ്യമാർന്ന ഊർജ്ജ സ്രോതസ്സുകൾ, വിദേശനാണ്യ കരുതൽ ശേഖരം, പൊതു നിക്ഷേപം, സേവന കയറ്റുമതി, ഉപഭോക്തൃ ആവശ്യകത, എന്നിവ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കുന്നുവെന്ന് യുഎന്നിലെ സാമ്പത്തിക വിദഗ്ദ്ധൻ ഇംഗോ പിറ്റെർലെയും, സാമ്പത്തിക വിശകലന, നയ വിഭാഗം ഡയറക്ടർ ശന്തനു മുഖർജിയും മാധ്യമങ്ങളോട് പറഞ്ഞു.

******************************************

## CYPRUS PREZ - MUMBAI

നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ-ഡൗലിഡ്സ് ഇന്നലെ മുംബൈയിലെത്തി. മുംബൈ വിമാനത്താവളത്തിൽ അദ്ദേഹത്തെ മഹാരാഷ്ട്ര ഗവർണർ ജിഷ്ണു ദേവ് വർമ്മയും മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും സ്വീകരിച്ചു. ഇന്ന് ഡൽഹിയിലേക്ക് പോകുന്ന സൈപ്രസ് പ്രസിഡന്റ് നാളെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തും.

******************************************

## RUBIO - INDIA VISIT(INTRO)

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുമായി ചേർന്ന് അമേരിക്കയുടെ 250-ാം ജന്മദിനം ആഘോഷിക്കാൻ ആഗ്രഹിക്കുന്നതായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ. ഇന്ത്യ സന്ദർശനത്തിന് മുന്നോടിയായി പങ്കിട്ട വീഡിയോ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ജൂലൈ 4 നാണ് സ്വാതന്ത്ര്യ പ്രഖ്യാപനം ഒപ്പുവച്ചതിന്റെ 250-ാം വാർഷികം അമേരിക്ക ആഘോഷിക്കുന്നത്.

(വോയ്സ്)

റൂബിയോയുടെ ഇന്ത്യ സന്ദർശനം മറ്റന്നാൾ ആരംഭിക്കും. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ അധ്യക്ഷതയിൽ ഈ മാസം 26 ന് നടക്കുന്ന ക്വാഡ് യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

******************************************

## WEATHER-KERALAM

കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ മഞ്ഞ ജാഗ്രത

പ്രഖ്യാപിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************************

## EVICTION OF SEVEN FAMILIES

എറണാകുളത്ത് തടിയിട്ട് പറമ്പ് പാരീയത്ത് കാവ് ഉന്നതിയിലെ ഏഴ് കുടുംബങ്ങളെ കുടിയൊഴിപ്പിക്കാനുള്ള നടപടികൾ നിർത്തിവെക്കാൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഡിജിപിക്ക് നിർദ്ദേശം നൽകി. സുപ്രീം കോടതി വിധിപ്രകാരം നടന്ന കുടിയൊഴുപ്പിക്കൽ, സംഘർഷത്തിലേക്ക് വഴിമാറിയതിനെത്തുടർന്നാണ് തീരുമാനം. അതിനിടെ സംസ്ഥാനത്തെ എസ്.പി റാങ്ക് മുതൽ മുകളിലോട്ടുള്ള മുഴുവൻ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും യോഗം ശനിയാഴ്ച പൊലീസ് ആസ്ഥാനത്ത് നടക്കും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷത വഹിക്കും.

****************************************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ജയം. ഇന്നലെ കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ 4 വിക്കറ്റിനാണ് മുംബൈ പരാജയപ്പെട്ടത്. 148 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് 4 വിക്കറ്റ് ബാക്കി നിൽക്കേ ലക്ഷ്യം മറികടന്നു. ഇന്നു ഗുജറാത്ത് ടൈറ്റൻസ്- ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. രാത്രി 7:30 ന് അഹമ്മദാബാദിലാണ് മത്സരം.

****************************************

## CHANCELLORS ORDER – HIGH COURT

ചാൻസലറുടെ ഉത്തരവുകൾ ചോദ്യം ചെയ്യാൻ സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമില്ലെന്ന് കേരള ഹൈക്കോടതി. അച്ചടക്ക നടപടികളിൽ അപ്പീൽ അധികാരിയായ ചാൻസലർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ സൻഡിക്കേറ്റിന് ബാധ്യതയുണ്ടെന്ന് ജസ്റ്റിസ് എ എ സിയാദ് റഹ്മാൻ വ്യക്തമാക്കി.